ഹാസ്യഭാവന

# കൊച്ചാപ്പിയുടെ പിച്ചാത്തി

സുധീർ പണിക്കവീട്ടിൽ



ഞാൻ കൊല്ലും, ഞാൻ കൊല്ലും ... കൊച്ചാപ്പി ഒരു കൊച്ചു പിച്ചാത്തിയും കയ്യിൽ പിടിച്ച് നമ്പൂതിരിയുടെ നാലു കെട്ടിന്റെ പുറത്ത് നിന്ന് അലറി. അലറി എന്നെഴുതുന്നത് ശരിയല്ല. കറുത്ത് മെലിഞ്ഞ കൊച്ചാപ്പി ഒരു കാറ്റൂതിയാൽ പറക്കുന്ന അര പ്രാണനാണു. അലറാനുള്ള കെൽപ്പ് ആ പാവത്തിനില്ല. കൊച്ചാപ്പിയുടെ കത്തി നീർത്തിയുള്ള നിൽപ്പും കൊല്ലുമെന്ന ഭീഷണിയും കേട്ട് കുറെ കൊടിച്ചിപട്ടികൾ കൊച്ചാപ്പിക്ക് ചുറ്റും കൂടി. കൊല നടന്നാൽ ചോര കിട്ടുമെന്ന ദുരാഗ്രഹമായിരിക്കാം ആ പാവം പട്ടികൾ അവിടെ വലിഞ്ഞ് കേറാൻ കാരണം. പട്ടികളിൽ ചിലർക്ക് മനുഷ്യരൂപവും സംസാരിക്കാനുള്ള കഴിവുമുണ്ടായിരുന്നു. ഒരു കൊടിച്ചിപട്ടി കൊച്ചാപ്പി നിർവ്വഹിക്കാൻ പോകുന്ന കർമ്മത്തേയും കൊച്ചാപ്പിയെയും അഭിനന്ദിച്ചു. കൊച്ചാപ്പിക്ക് ആ സമയം വളരെ സന്തോഷം തോന്നി. കൊച്ചാപ്പി ഇല്ലത്തിന്റെ പടിപ്പുരക്ക് പുറത്ത് നിന്ന് കൊടിച്ചിപട്ടികളുടെ അകമ്പടിയോടെ ഒന്നുകൂടി ഭീഷണി മുഴക്കി. ആ നമ്പൂതിരിയെ ഞാൻ കൊല്ലും. ശബ്ദം കേട്ട് കാര്യസ്ഥൻ വന്നു നോക്കി. അകത്തുള്ളോരോട് ചെന്നു പറഞ്ഞു.

നമ്പൂതിരിയുടെ അടുത്ത് വന്നു കഥ കേട്ടിരിക്കയും അടുക്കളയിൽ നിന്നും പണിക്കാരി അമ്മുക്കുട്ടി വിളമ്പികൊടുക്കുന്ന പച്ചക്കറികളും പായസം കൂട്ടിയുള്ള ഊണും കഴിക്കാറുള്ള കൊച്ചാപ്പി എങ്ങനെ ഇങ്ങനെ കൊല കത്തിയുമായി വന്നിരിക്കുന്നതെന്ന് ഇല്ലത്തുള്ളവർക്ക് ഒരു രൂപവുമില്ലായിരുന്നു. വിവരം കേട്ട് അന്തർ ജ്ജനം പരിഭ്രമിച്ചു. ”എന്താ ചെയ്യാ... മനുഷ്യർ മനുഷ്യരെ കൊല്ലേ? ശിവ ശിവ... അയാളൊരു നസ്രാണിയല്ലേ. യേശുദേവൻ സമാധാനത്തിന്റെ മാർഗ്ഗം അല്ലേ പഠിപ്പിക്കുന്നത്. രാമാ, തിരുമേനി ഇപ്പോൾ എവിട്യാ പോയിരിക്കണത്. എന്താ കഥാ.. ആ മനുഷ്യൻ പറേണ പോലെ ചെയ്യാവോ.. എനിക്ക് കുറേശ്ശേ പേടി തോന്നുന്നു..ശിവ, ശിവ..

ഒന്നു കൊണ്ടും പേടിക്കണ്ട. തിരുമേനി അമ്പലത്തിൽ തൊഴാൻ പോയിരിക്കുന്നു. കൂടെ ആ ഒറ്റപ്പാലം മേനോൻ അദ്ദേഹമുണ്ട്. അത് കൊണ്ടു് ഭയപ്പെടാനില്ല. മേനോൻ വിചാരിച്ചാൽ കൊച്ചാപ്പിയുടെ ആപ്പിസ് പൂട്ടും.. പക്ഷെ തിരുമേനി സമ്മതിക്കില്ല കേട്ടോ. തിരുമേനി കഥയും കവിതയും ചൊല്ലി ആളെ പിരിച്ചയക്കാനും മതി. സംസാരം

കേട്ട് അടുക്കളയിൽ പണിയെടുക്കുന്ന അമ്മുക്കുട്ടി വന്ന് കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു. തിരുമേനിക്ക് അയാളെ എന്തൊരു സ്നേഹമായിരുന്നു. പായസം വക്കുമ്പോഴെല്ലാം അയാളെ വിളിക്കാൻ ആളയക്കണമെന്ന് എന്നോട് പറയാറുള്ളതാണു. എന്താ.. ചെയ്യാ.. കാര്യസ്ഥൻ പറഞ്ഞു. ആ പുതുപണക്കാരു കറിയയും, ചെറിയയും അയാളെ കള്ള് കൊടുത്ത് പറ്റിക്കണതാണു്. പാവം. കൊച്ചാപ്പി കുടിച്ച് കുടിച്ച് പുറത്ത് പ്രകടനം കാഴ്ച വക്കുന്നത് ആദ്യമായിട്ടയതിനാൽ ജനം അത്ഭുതംകൂറി. പട്ടികളുടെ ക്ഷമ നശിക്കുകയായിരുന്നു. ആ നമ്പൂതിരി എവിടെ പോയി കിടക്കണ്. എൻെറ കർത്താവേ നമ്പൂതിരി കുത്ത് കൊണ്ട് വീഴുന്നത് ഒന്ന് കാണാൻ... ഉള്ളിൽ നിന്ന് രംഗം വീക്ഷിക്കുന്ന കാര്യസ്ഥൻ മനസ്സിൽ വിചാരിച്ചു. എന്തെങ്കിലും സഹായം വേണമെങ്കിൽ തിരുമേനിയെ സമീപിക്കുന്നവരാണു് കൊച്ചാപ്പിയുടെ സഖ്യം ചേർന്നിരിക്കുന്നത്. എത്ര നന്ദികെട്ട മനുഷ്യർ. എല്ലാവരേയും കറിയയും ചെറിയയും വിലയ്ക്ക് വാങ്ങി കാണും. സ്വന്തമായി ചിന്തിക്കാൻ കഴിവില്ലാത്ത പഴങ്കഞ്ഞികൾ. അങ്ങനെ ചിന്തിച്ചിരിക്കെ നമ്പൂതിരിയുടെ വരവ് കണ്ടു് കാര്യസ്ഥൻെറ മനസ്സ് ഒന്ന് പിടഞ്ഞു. കൂടെ ഒറ്റപ്പാലം മേനോൻ ഉള്ളത്കൊണ്ട് അൽപ്പം സമാധാനവും തോന്നി. നമ്പൂതിരി കസവ് മുണ്ട് ചുറ്റി, കസവ് മുണ്ട് പുതച്ച് എപ്പോഴും തിന്നുന്ന ജീരക മിഠായി മേനൊനുമൊത്ത് പങ്കിട്ട് രസകരങ്ങളായ കഥകളൊക്കെ പറഞ്ഞ് വരുകയാണു്.

കൊച്ചാപ്പിയും അപ്പികളും കാത്ത് നിന്ന നിമിഷം. കരുത്തനും ആരോഗ്യവാനുമായ നമ്പൂതിരിയെ വിറക് കൊള്ളി പോലെയുള്ള കൊച്ചാപ്പിക്ക് കുത്താൻ കഴിയുമോ എന്ന് ശങ്കിച്ച് പട്ടികൾ ദീർഘശ്വാസം വിട്ടപ്പോൾ അത് ഒരു മോങ്ങലായി. നമ്പൂതിരി അടുത്ത് കൊണ്ടിരിക്കുന്നു. ഇല്ലത്തുള്ളവർ പരിഭ്രമിക്കുന്നു. അതിനിടയിൽ പണിക്കാരി അമ്മുക്കുട്ടി ഇറങ്ങി ചെന്ന് കൊച്ചാപ്പിയോട് ചോദിക്കുന്നു. ഒരു ആഴ്ച് മുമ്പല്ലേ താൻ ഇവിടെ വന്ന് പായസം കുടിച്ച് പോയത്. തിരുമേനിക്ക് തന്നെ എന്തൊരു ഇഷ്ടമായിരുന്നു. എന്നിട്ട് താൻ അദ്ദേഹത്തെ കൊല്ലാൻ വന്നിരിക്കുന്നോ, അതും വല്ലവർക്കുംവേണ്ടി. തനിക്ക് ഒരു ചുക്കും ചെയ്യാൻ കഴിയില്ല. നിങ്ങളൊക്കെ വെറും കാല് നക്കികൾ. കൂടെയുള്ള പട്ടികൾ അവസരവാദികളാണു്. തിരുമേനി ഇവിടെ എത്തുമ്പോൾ താൻ തനിയെയാകും. കൊച്ചാപ്പി ചുറ്റിലും കണ്ണോടിച്ചു. പട്ടികൾ കൊച്ചാപ്പിക്ക് പിന്തുണ പ്രഖ്യാപിച്ച് കൊണ്ട് ഒരുമിച്ച് ഓളിയിട്ടു. എന്നാലും എല്ലാവർക്കും ഒരു വിറ. നമ്പൂതിരി അടുത്തെത്തി.

എന്താ മേൻനെ, വീടിൻെറ മുന്നിൽ ഒരു പുരുഷാരം. കൊച്ചാപ്പി ഒരു പേനാക്കത്തിമാതിരി എന്തോ പിടിച്ചിട്ടുണ്ടല്ലോ? അമ്മുക്കുട്ടിയും നിൽക്കുന്നുണ്ടല്ലോ? നമ്പൂതിരി അടുത്ത് വരുന്തോറും കൊച്ചാപ്പിയുടെ മടിക്കുത്ത് കുറേശ്ശെ അഴിയുന്നു. മടക്കി കുത്തിയ മുണ്ട് നിവർന്ന് കണങ്കാലിൽ വീഴുന്നു. “എന്താ കൊച്ചാപ്പി, കുറെ പട്ടികളുമായി രാവിലെ തന്നെ”. കൊച്ചാപ്പിയുടെ നാക്ക് ഇറങ്ങിപോയി. കൊച്ചാപ്പി മിണ്ടുന്നില്ല. പട്ടികൾ ഒന്ന് മുരണ്ട് കൊച്ചാപ്പിക്ക് ധൈര്യം കൊടുത്തു. “ഇന്ന് എന്താ വിശേഷിച്ച് ഭക്ഷണത്തിൻെറ വട്ടങ്ങൾ അമ്മുക്കുട്ടി. കൊച്ചാപ്പിയുണ്ടെങ്കിൽ ആ മാമ്പഴപുളിശ്ശേരികൂടിയായിക്കോട്ടെ. നമുക്കിന്ന് കടമ്മിനിട്ടയുടെ കൊച്ചാപ്പിക്കിഷ്ടമുള്ള ശാന്തേ... കുളി കഴിഞ്ഞീറൻ പകർന്നു, വാർകൂന്തൽ കോതിവകഞ്ഞു, പുറകോട്ട്

വാരിയിട്ടാവള കിലുക്കി ഉദാസീനഭാവത്തിൽ ആ കണ്ണിണയെഴുതി''എന്ന കവിത ചൊല്ലി രസിക്കാം. കൊച്ചാപ്പിയെ നോക്കി കൂടെ വരൂ, എന്ന് ക്ഷണിച്ച് തിരുമേനിയും മേനോനും ഇല്ലത്തേക്ക് നടന്നു.

അമ്മുക്കുട്ടി കൊച്ചാപ്പിയെ കൊഞ്ഞനം കുത്തി അവിടെ നിന്നും പോയി. കൊച്ചാപ്പിയുടെ മനസ്സിൽ തിരുമേനിയുടെ കവിതാ ഭ്രാന്തും തിരുമേനിയൊത്തുള്ള സന്തോഷകരമായ നിമിഷങ്ങളുടെ ഓർമ്മയും ചന്ദനകുളിർ ചൂടി വന്നു. കൊച്ചാപ്പിയുടെ മനസ്സിൽ തിരുമേനി പകർന്ന നന്മയുടെ കാർത്തിക വിളക്കുകൾ തെളിഞ്ഞു. കൊച്ചാപ്പി പേനക്കത്തി മടക്കി തല താഴ്ത്തി അവിടെ നിന്നും ഒരു വിധത്തിൽ രക്ഷപ്പെട്ടു.. പട്ടികളും നിരാശരായി മടങ്ങി. തിരുമേനി തിരിഞ്ഞ് നോക്കിയപ്പോൾ കൊച്ചാപ്പി അപ്രത്യക്ഷനായി. ഇല്ലത്ത് ചെന്നപ്പോൾ കാര്യസ്ഥൻ പറഞ്ഞു, അവൻ വന്നത് തിരുമേനിയെ കൊലപ്പെടുത്താനാണ്.

“എന്നേയോ” ഞാൻ അവനു ഗുണമല്ലാതെ ഒരു ദോഷവും ചെയ്യിട്ടില്ലല്ലോ? പിന്നെന്തിനാ അവൻ എന്നെ കൊല്ലുന്നത്?

ഞാനവൻെറ കൊങ്ങക്ക് പിടിച്ച് തിരുമേനിയുടെ മുമ്പിൽ കൊണ്ട് വരട്ടെ. മേനോൻ കോപിഷ്ഠനായി. അവനെ ആരാ ഇവിടേക്ക് പറഞ്ഞ് വിട്ടതെന്ന് അവൻ തത്ത പറയുന്ന പോലെ പറയും.

ഒന്നും വേണ്ട.. പാവം കൊച്ചാപ്പി. എനിക്കയാളോട് ഒരു വിരോധവുമില്ല. ആ കറിയയും ചെറിയയും കൂടി സമൂഹത്തിൽ വെറുതെ സ്പർദ്ധയും വഴക്കുമുണ്ടാക്കുന്നു. പുതുപണക്കാരായ അവർക്ക് സമൂഹത്തിൽ സ്ഥാനം ഉണ്ടാക്കി കൊടുക്കാൻ നോം ഒത്തിരി സഹായം ചെയ്തുകൊടുത്തു. ഇപ്പോൾ അത് കിട്ടിയപ്പോൾ നോം മൂലമാണു അതൊക്കെ കിട്ടിയതെന്ന് നോം പറയുമെന്ന് ഭയപ്പെട്ട് നമ്മെ ഉപദ്രവിക്കയാണ്. എന്താ ചെയ്യാ. കറിയായുടെ തന്ത അഞ്ചലോട്ടകാരനായിരുന്നു. താഴ്ന്ന ജാതിയായത്കൊണ്ട് മുതിർന്ന ജാതിക്കാർക്ക് എഴുത്തുകൊടുക്കാൻ ബുദ്ധിമുട്ടായപ്പോൾ പോർച്ച്ഗീസ് പാതിരി അയാളെ മാർക്കം കൂട്ടി. കത്ത് കൊടുക്കാൻ പല വീട്ടിലും പോയി അവരെപ്പറ്റി പരദൂഷണം പറയലായിരുന്നു അയാളുടെ ജോലി. മകൻ കറിയായ്ക്കും അത് തന്നെ... നോം ഭഗവത് ഗീതയിൽ വിശ്വസിക്കുന്നവനാണ്. നിഷക്കാമ കർമ്മം എൻെറ ജീവിത വ്രുതമാണ്. അത് കറിയയും അയാളുടെ അളിയനും അറിയാത്തത് കഷ്ടമായി. എന്നാൽ കൊച്ചാപ്പി വെറും കൂലി തല്ലുകാരനായി താഴരുതായിരുന്നു.

തിരിച്ച് പോകുമ്പോൾ കൊച്ചാപ്പിയും അത് തന്നെ ചിന്തിച്ചു. വഴിയരുകിലെ മണിമാളികയുടെ മുറ്റത്ത് കറിയയും ചെറിയയും സിൽക്ക് മുണ്ടുടുത്ത് ഒരു പരിഹാസചിരിയോടെ കൊച്ചാപ്പിയെ നോക്കി നിന്നു. ഞങ്ങളുടെ വേലക്കാർ വിളമ്പി തന്ന വിദേശമദ്യവും അകത്താക്കി ആ നമ്പൂതിരിയെ കൊല്ലാമെന്നും പറഞ്ഞ് പോയിട്ടു സായിപ്പിനെ കണ്ടപ്പോൾ കവാത്ത് മറന്നപോലെ നാണം കെട്ട് പോകുന്നത് കണ്ടില്ലേ? കൊച്ചാപ്പി അത് കേൾക്കാത്ത ഭാവത്തിൽ ധ്രുതിപ്പെട്ട് നടന്നു. കൊച്ചാപ്പിക്ക് മനം പുരട്ടുന്ന പോലെ തോന്നി. ചെറിയയുടെ കാലു നക്കി കൊടുത്ത് പരദൂഷണം കേട്ടിരുന്നത് ശരിയായില്ല. തിരുമേനിയുടെ കൂടെ കഥകളും, കഥകളിയും, പാട്ടും പിന്നെ

നല്ല ഭക്ഷണവും കഴിച്ച് ചിലവഴിച്ച സുവർണ്ണ നിമിഷങ്ങൾ മറക്കാൻ പറ്റുകയില്ല.. ചെറിയക്കും കറിയ വാങ്ങി തന്ന കള്ളിനും വേണ്ടി തിരുമേനിയെ ആക്രമിക്കാൻ പോകരുതായിരുന്നു. ചെറിയയുടെ കാലിൻെറ തൊലിയുടെ ഗന്ധം മൂക്കിൽ അടിച്ച് കയറുന്നു. ഒരിക്കൽ ചെറിയ പറഞ്ഞു "കേട്ടൊ കൊച്ചാപ്പി, എത്രയോ പണക്കാർ പെഡിക്യൂറിനു വേണ്ടി കാശ് കളയുന്നു. എനിക്കാണെങ്കിൽ നിങ്ങളെപോലുള്ളവരുടെ നാവാണു എൻെറ കാൽ വ്രുത്തിയാക്കുന്നത്. വെറുതെ വേണ്ട, മോന്താൻ കള്ള് തരാം. പിന്നെ എൻെറ അളിയൻ പറയുന്ന പരദൂഷണം കേട്ട് രസിക്കാം. അവൻ ആ കാര്യത്തിൽ ഒരു വീരനാണു്. പരദൂഷണ വീരൻ.

വീട്ടിലെത്തിയപ്പോൾ കൊച്ചാപ്പിയുടെ ഭാര്യ കയർത്തു. എന്തൊരു നാണക്കേട്! ആ നമ്പൂതിരി നിങ്ങൾക്ക് ഒരു ദ്രോഹവും ചെയ്തിട്ടില്ലല്ലോ. ആ കറിയയും ചെറിയയും നമ്പൂതിരിയെ പരദൂഷണം പറഞ്ഞ് ദ്രോഹിച്ചത് നിങ്ങൾക്ക് അറിവുള്ളതല്ലേ? അന്നെന്തേ ചെറിയയോടും കറിയയോടും ചോദിക്കാനും അവരെ കൊല്ലാനും പോയില്ല. ചെറിയായ്ക്കും കറിയായ്ക്കും മത പിന്തുണയുള്ളത് കൊണ്ട് അവർ ചെയ്യുന്നതൊന്നും ആരും അറിയുന്നില്ല. നമ്പൂതിരിക്ക് നട്ടെല്ലുണ്ട്. അയാൾ ഒറ്റക്ക് ചെറിയയോടും കറിയയോടും ചെറുത്ത് നിന്നു. നിങ്ങൾ ആ നന്ദി കെട്ട ചെറിയയ്ക്കും കറിയയ്ക്കും വേണ്ടി കുത്താനും കൊല്ലാനും പോകുന്നു. ഇങ്ങനെയൊരുത്തൻെറ ഭാര്യയായതിൽ അവർ ഖേദിച്ചു. കൊച്ചാപ്പി വീട്ടിൽ എത്തിയ ഉടനെ കുറെ മദ്യം സേവിച്ച് ഉമ്മറത്ത് ചടഞ്ഞിരുന്നു. അപ്പോൾ ഒരു വെളുത്ത വാൻ വീടിൻെറ മുന്നിൽ വന്ന് നിന്നു. അതിൽ നിന്നും ഉരുക്ക് പോലെ ശരീരമുള്ള നാലു ആളുകൾ ഇറങ്ങി. നമ്പൂതിരി തന്നെ തല്ലാൻ ആളെ വിട്ടിരിക്കയാണെന്ന് കരുതി കൊച്ചാപ്പി നിന്ന നിൽപ്പിൽ ഒന്നും രണ്ടും നടത്തി. ഇറങ്ങി വന്നവർ കൊച്ചാപ്പിയോട് പറഞ്ഞു. നിങ്ങൾ കറിയായ്ക്കും ചെറിയായ്ക്കും വേണ്ടി ഒരാളെ കൊല്ലാൻ പോയി ധൈര്യമില്ലാതെ തിരിച്ച് വന്നെന്നു അറിഞ്ഞു. നിങ്ങളെ ഞങ്ങൾക്ക് ആവശ്യമുണ്ട്. ധൈര്യമൊക്കെ ഞങ്ങൾ ഉണ്ടാക്കി തരാം. വാനിൽ കയറൂ... നമുക്ക് ഒരാളെ കൊല്ലാനുണ്ട്. കൊല നിങ്ങൾ ചെയ്യും. ഉരുക്ക് ദേഹമുള്ളവർ കൊച്ചാപ്പിയെ വാനിലിട്ട് കൊണ്ടുപോയി. അത് കണ്ടു കൊച്ചാപ്പിയുടെ ഭാര്യ വാവിട്ട് നിലവിളിച്ചു. കേരളത്തിൽ എത്രയോ കുടുംബങ്ങൾ ഇതേ പോലെ കൂലിതല്ല്കാരായ ആണുങ്ങളെ കൊണ്ട് കഷ്ടപ്പെടുന്നു.

ശുഭം